(സി) കേരളാ ലാന്റ് ഇൻഫർമേഷൻ മിഷന്റെ 9-ാമത് എംപവേർഡ് കമ്മിറ്റിയിൽ സർവ്വേ വകുപ്പിലെ പുരാതന റിക്കാർഡുകൾ ഭൗതികമായി സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനും, അവ ഓൺലൈൻ ആയി പൊതുജനങ്ങൾക്ക് നൽകുന്നതിനുമായി ഇ-രേഖ എന്ന പദ്ധതിക്ക് അംഗീകാരം നൽകുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.എൽ.ആർ.എം.പി.-യിൽ ഉൾപ്പെടുത്തി ടി പദ്ധതി നടപ്പാക്കാനായി 5 കോടി രൂപ അനുവദിക്കുകയും ജില്ലകളിൽ 1 വീതം ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനായി 3.50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 12 ജില്ലകളിൽ ഡിജിറ്റൈസേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൈസ് ചെയ്തതായ സർവ്വേ റെക്കോർഡുകളെല്ലാം പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ വേണ്ടി GIS അധിഷ്ഠിതമായ സോഫ്റ്റ്വെയർ സംവിധാനം ഒരുക്കുന്നതിനും ഡാറ്റ ഡിജിറ്റലായി സൂക്ഷിക്കുന്നതിനായി ബാക്ക് അപ്പ് സെർവർ സംവിധാനവും നൽകുന്നതിനും 9-ാം എംപവേർഡ് കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. ആയതിന് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇ-ടെണ്ടർ മുഖാന്തിരം സർവർ വാങ്ങുന്ന പദ്ധതി അന്തിമ ഘട്ടത്തിലാണ്. കൂടാതെ ജില്ലാതലങ്ങളിലുള്ള റെക്കോർഡുകൾ സംരക്ഷിക്കുന്നതിനായുള്ള മോഡേൺ സർവ്വേ റെക്കോർഡ് റൂമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കൊട്ടാരക്കര താലൂക്ക് ആഫീസിലെ സർവ്വയർ തസ്തിക

176(3058) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആഫീസിൽ നിലവിൽ എത്ര സർവ്വയർ തസ്തികകളുണ്ട്;

(ബി) സർവ്വയർമാരുടെ എണ്ണത്തിലെ കുറവുമൂലം സർവ്വേ ജോലികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കൊട്ടാരക്കര താലൂക്ക് ആഫീസിലേക്ക് കൂടുതൽ സർവ്വയർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2 തസ്തികകൾ.

(ബി&സി) ഉണ്ട്. താലൂക്കിലുള്ള 2 തസ്തിക കൂടാതെ അധികമായി 4 ജീവനക്കാരെ റീ-സർവ്വേ ഓഫീസുകളിൽനിന്ന് ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. നിലവിൽ താലൂക്കിൽ സർവ്വയർ തസ്തിക ഒഴിവില്ല.

LIBRARY ARCHIVES Kerala Legislative Assembly